# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | പ്രധാനവാർത്തകൾ | **DATE:22.02.2025**

1. **കേരളത്തിൻറെ നിക്ഷേപ സാധ്യതകൾക്ക് ഊർജ്ജം നൽകുന്ന ആഗോള നിക്ഷേപക ഉച്ചകോടിക്ക് ഇന്ന് കൊച്ചിയിൽ സമാപനം.**

2. **സംസ്ഥാനത്തെ ഉൾപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകാൻ സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി കെ.എൻ.ബാലഗോപാൽ.**

3. **കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ഇന്ന് കോട്ടയത്ത് എത്തും. ഐ.ഐ.ഐ.ടിയുടെ ആറാമത് ബിരുദദാന ചടങ്ങിൽ പങ്കെടുക്കും.**

4. **വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിതരുടെ പുനരധിവാസത്തിൽ കാലതാമസം ഉണ്ടാവില്ലെന്നും ആശങ്ക വേണ്ടെന്നും മന്ത്രി കെ.രാജൻ.**

5. **രാജ്യത്ത് ആദ്യമായി ഉപയോഗ ശൂന്യമായ മരുന്നുകൾ വലിച്ചെറിയുന്നത് തടയാൻ സംസ്ഥാനത്ത് നടപ്പാക്കുന്ന nPROUD പദ്ധതിക്ക് ഇന്ന് കോഴിക്കോട്ട് തുടക്കം.**

6. **മരമടിയും കാളപൂട്ടും നിയമപരമാക്കാനുള്ള ബിൽ നിയമസഭയിൽ അവതരിപ്പിക്കുമെന്ന് മന്ത്രി ജെ ചിഞ്ചുറാണി.**

RNU TVPM

7. ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് - എഫ്.സി ഗോവ പോരാട്ടം.

****************************************************************

## മൗറീഷ്യസ് -പി.എം

മൗറീഷ്യസിന്റെ 57-ാമത് ദേശീയ ദിനാഘോഷത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വിശിഷ്ടാതിഥിയാകുമെന്ന് മൗറീഷ്യസ് പ്രധാനമന്ത്രി നവീൻ രാംഗൂലം. സുശക്തമായ ഇന്ത്യ-മൗറിഷ്യസ് ബന്ധത്തിന്റെ തെളിവാണ് ഈ തീരുമാനമെന്നും ശ്രീ നരേന്ദ്ര മോദിയ്ക്ക് ആതിഥേയത്വം വഹിക്കുന്നത് രാജ്യത്തിന് അഭിമാനമാണെന്നും അദ്ദേഹം പറഞ്ഞു.

****************************************************************

## ആഗോള നിക്ഷേപ ഉച്ചകോടി

സംസ്ഥാനത്തിന്റെ നിക്ഷേപ സാധ്യതകൾക്ക് ഊർജ്ജം നൽകുന്ന ആഗോള നിക്ഷേപക ഉച്ചകോടിക്ക് ഇന്ന് കൊച്ചിയിൽ സമാപനം. 26 വിദേശരാജ്യങ്ങളിൽ നിന്ന് ഉൾപ്പെടെ മൂവായിരത്തോളം സംരംഭകരാണ് രണ്ടുദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കുന്നത്. ജർമനി, വിയറ്റ്നാം, നോർവേ, ഓസ്ട്രേലിയ, മലേഷ്യ, ഫ്രാൻസ് എന്നീ രാജ്യങ്ങൾ ഇൻവെസ്റ്റ് കേരളയുടെ പങ്കാളിരാജ്യങ്ങളാണ്. കോടികളുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് ആദ്യ ദിനമായ ഇന്നലെ നടന്നത്. ഉദ്ഘാടന ചടങ്ങിൽ ഓൺലൈനായി പങ്കെടുത്ത കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി കേരളത്തിന്റെ റോഡ് വികസനത്തിനായി 50,000 കോടി രൂപയുടെ പദ്ധതികളും പ്രഖ്യാപിച്ചിരുന്നു.

****************************************************************

RNU TVPM

## കെ.എൻ.ബാലഗോപാൽ

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ജില്ലകൾ കൂടാതെ മറ്റ് ജില്ലകളിലും വ്യവസായ സംരംഭങ്ങൾ വ്യാപകമായി ആരംഭിക്കുമെന്ന് മന്ത്രി കെ.എൻ.ബാലഗോപാൽ. സംസ്ഥാനത്തെ പല ഉൾപ്രദേശങ്ങളിലും യുവാക്കൾ ആരംഭിച്ച സ്റ്റാർട്ടപ്പുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സംരംഭങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകാൻ സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം ഇൻവെസ്റ്റ് കേരള ഉച്ചകോടി സന്ദർശിച്ചശേഷം മാധ്യമങ്ങളോട് പറഞ്ഞു.

*********************************************************************

## നിർമല സീതാരാമൻ

കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് കോട്ടയത്ത്. ഐ.ഐ.ഐ.ടിയുടെ ആറാമത് ബിരുദദാന ചടങ്ങിൽ പങ്കെടുക്കും. വൈകുന്നേരം 4.30 നാണ് പരിപാടി.

RNU TVPM

*********************************************************************

## വീണ ജോർജ്

ഉപയോഗ ശൂന്യമായ മരുന്നുകൾ മണ്ണിലോ വെള്ളത്തിലോ വലിച്ചെറിയുന്നത് തടയാൻ ആവിഷ്ക്കരിക്കുന്ന പദ്ധതിയായ New Programme for Removal of Unused Drugs , nPROUD ന് ഇന്ന് തുടക്കം. സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പാണ് പദ്ധതി നടപ്പിലാക്കുന്നത്. കോഴിക്കോട് കോർപ്പറേഷനിലും കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി പഞ്ചായത്തിലും നടപ്പിലാക്കുന്ന പദ്ധതി തുടർന്ന് സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കും. രാജ്യത്ത്

തന്നെ ആദ്യമായാണ് സർക്കാർ തലത്തിൽ ഇത്തരമൊരു പദ്ധതി നടപ്പിലാക്കുന്നത്.

**********************************************************************************

## കെ രാജൻ - വയനാട് ( ഇൻട്രോ)

വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിതർക്ക് പുനരധിവാസം സംബന്ധിച്ച് യാതൊരു വിധത്തിലുള്ള ആശങ്കയും വേണ്ടെന്ന് റവന്യുമന്ത്രി കെ രാജൻ. ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട എല്ലാവർക്കും വീട് ലഭ്യമാക്കുകയാണ് സർക്കാരിന്റെ നയം. ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാവില്ലെന്നും ശ്രീ കെ രാജൻ മാധ്യമങ്ങളോട് പറഞ്ഞു.

(VOICE)

**********************************************************************************

PNU TVPM

## ചിഞ്ചുറാണി - മരമടി

സംസ്ഥാനത്ത് മരമടിയും കാളപൂട്ടും നിയമപരമാക്കാനുള്ള ബിൽ വരുന്ന നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുമെന്ന് മന്ത്രി ജെ ചിഞ്ചുറാണി. ഗ്രാമീണ മേഖലയിലെ കർഷകരുടെ പ്രധാനപ്പെട്ട ആഘോഷമാണ് മരമടി. വിഷയത്തിൽ കേന്ദ്രത്തിന് നേരത്തെ കത്ത് നൽകിയിരുന്നെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

**********************************************************************************

## സജി ചെറിയാൻ

സംസ്ഥാന കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന പരമ്പരാഗത വിത്ത് ഉത്സവം മന്ത്രി സജി ചെറിയാൻ ഇന്ന് ആലപ്പുഴയിൽ ഉദ്ഘാടനം ചെയ്യും. പ്രദർശന സ്റ്റാളുകളുടെ ഉദ്ഘാടനം കൃഷിമന്ത്രി പി.പ്രസാദ് നിർവഹിച്ചു. പരമ്പരാഗത വിത്തിനങ്ങളുടെ

സംരക്ഷണവും പ്രചരണവും ഉറപ്പു വരുത്തുന്ന പരിപാടി ഈ മാസം 24- ന് സമാപിക്കും.

*************************************************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻകി ബാത് നാളെ രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 119-ാാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻറെയും എല്ലാ നിലയങ്ങളിലൂടെ പരിപാടി ലഭ്യമാക്കും.

*************************************************************

## മൂലൂർ ജയന്തി ( ഇൻട്രോ)

സരസകവി മൂലൂർ എസ് പത്മനാഭ പണിക്കരുടെ 156-മത് ജയന്തി ആഘോഷങ്ങൾക്ക് തിങ്കളാഴ്ച തുടക്കമാകും. പത്തനംതിട്ട മൂലൂർ സ്മാരകത്തിൽ മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം നിർവ്വഹിക്കും. കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ല പ്രതിനിധി **ശ്രീജി എസ് ശ്രീധർ.....**

**(വോയിസ്)**

*************************************************************

## എ.വി.റസൽ

അന്തരിച്ച സിപിഐഎം കോട്ടയം ജില്ലാ സെക്രട്ടറി എ.വി റസലിൻറെ മൃതദേഹം കോട്ടയത്ത് എത്തിച്ചു. കോട്ടയം ജില്ലാ കമ്മിറ്റി ഓഫീസിലും ചങ്ങനാശ്ശേരി ഏരിയ കമ്മിറ്റി ഓഫീസിലും പൊതുദർശനം ഉണ്ടാകും. സംസ്കാരം നാളെ നടക്കും. ഇന്ന് രാവിലെ ചെന്നൈയിൽ നിന്നുള്ള വിമാനത്തിൽ

RNU TVPM

കൊച്ചിയിലെത്തിച്ച മൃതദേഹം പാർട്ടി പോളിറ്റ് ബ്യൂറോ അംഗം എ.വിജയരാഘവൻ, കേന്ദ്ര കമ്മിറ്റി അംഗം എളമരം കരീം തുടങ്ങിയവർ ചേർന്നാണ് ഏറ്റുവാങ്ങിയത്.

************************************************************

## ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 30 തദ്ദേശ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് തിങ്കളാഴ്ച നടക്കും. തിരുവനന്തപുരം കോർപ്പറേഷനിലെ ശ്രീവരാഹം, കൊല്ലത്ത് അഞ്ചൽ, കൊട്ടറ ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ, കൊട്ടാരക്കര, പത്തനംതിട്ട, മൂവാറ്റുപുഴ മുനിസിപ്പാലിറ്റികളിലെ ഓരോ വാർഡുകൾ, 24 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവയിലേക്കാണ് ഉപതിരഞ്ഞെടുപ്പ്. വോട്ടെണ്ണൽ ചൊവ്വാഴ്ച നടക്കും.

RNU TVPM

************************************************************

## രഞ്ജി ട്രോഫി - സച്ചിൻ ബേബി (ഇൻട്രോ

രഞ്ജി ട്രോഫി ക്രിക്കറ്റിൽ ചരിത്രനേട്ടം കുറിച്ച് കേരളം. സെമി ഫൈനലിൽ ഗുജറാത്തിനെതിരെ ഉജ്വല പ്രകടനം കാഴ്ചവച്ച് കേരളം ഇതാദ്യമായി ഫൈനലിൽ പ്രവേശിച്ചു. കേരളത്തിന്റെ ഫൈനൽ പ്രവേശത്തിൽ ഏറെ സന്തോഷമുണ്ടെന്ന് ക്യാപ്റ്റൻ സച്ചിൻ ബേബി ആകാശവാണി വാർത്തകളോട് പറഞ്ഞു. വർഷങ്ങളുടെ പ്രയത്നം ഫലം കാണുമെന്ന പ്രതീക്ഷയിലാണ് ഫൈനലിൽ ഇറങ്ങുന്നതെന്ന് സച്ചിൻ ബേബി പറഞ്ഞു.

(വോയിസ്...)

ബുധനാഴ്ച നടക്കുന്ന ഫൈനലിൽ വിദർഭയാണ് കേരളത്തിന്റെ എതിരാളികൾ.

************************************************************

## ഐ.എസ്.എൽ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ്, എഫ് സി ഗോവയെ നേരിടും. രാത്രി 7.30 ന് ഗോവയിലാണ് മത്സരം.

## ഐ.സി.സി ചാമ്പ്യൻസ് ട്രോഫി

ഐ.സി.സി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ന് ഓസ്ട്രേലിയ ഇംഗ്ലണ്ടിനെ നേരിടും. ഉച്ചയ്ക്ക് 2.30 നാണ് മത്സരം.

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

RNU TVPM

## സ്വർണ വില

സ്വർണ വിലയിൽ വർധന. ഗ്രാമിന് 20 രൂപ കൂടി 8,045 ഉം പവന് 64,360 രൂപയുമാണ് ഇന്നത്തെ വില.

## പി.സി.ജോർജ്

വിദ്വേഷ പരാമർശത്തിൽ മുൻ എംഎൽഎ പി സി ജോർജിൻറെ മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ സ്റ്റേഷനിൽ ഹാജരാകാൻ ആവശ്യപ്പെട്ട് ഈരാറ്റുപേട്ട പോലീസ്. എന്നാൽ നോട്ടീസ് കൈപ്പറ്റാൻ വിസമ്മതിച്ച പി.സി ജോർജ്, പാർട്ടി തീരുമാനം അനുസരിച്ച് സ്റ്റേഷനിൽ ഹാജാരാകുമെന്ന് വിശദീകരണം നൽകി.

******************************************************************

## അതിരപ്പിള്ളി ആന

അതിരപ്പിള്ളിയിൽ മസ്തകത്തിൽ പരിക്കേറ്റ് ചരിഞ്ഞ കൊമ്പന്റെ തലച്ചോറിന് അണുബാധയുണ്ടായിരുന്നതായി പോസ്റ്റ്മോർട്ടം റിപ്പോർട്ട്. മരണകാരണം ഹൃദയാഘാതം ആണെന്നാണ് പ്രാഥമിക നിഗമനം. മസ്തകത്തിലെ മുറിവ്, മറ്റൊരാനയുടെ കൊമ്പ് കുത്തിയതിനെ തുടർന്ന് ഉണ്ടായതാണെന്നും റിപ്പോർട്ടിൽ പറയുന്നു.

RNU TVPM

******************************************************************

## രഞ്ജിനി സംഗീത സദസ്സ്

രഞ്ജിനി സംഗീത സഭയുടെ 49-ാം വാർഷികത്തോട് അനുബന്ധിച്ച് കോട്ടയത്ത് നാളെ സംഗീത സദസ്സ് സംഘടിപ്പിക്കും. പ്രസിദ്ധ സംഗീതജ്ഞരായ ബാംഗ്ലൂർ ബ്രദേഴ്സ് പങ്കെടുക്കും. തിരുനക്കര ക്ഷേത്ര മൈതാനത്തെ ശിവശക്തി ഓഡിറ്റോറിയത്തിൽ വൈകുന്നേരം ആറ് മണിയ്ക്കാണ് പരിപാടി.

******************************************************************

## ഇന്ത്യ - പാക്

ജമ്മുകശ്മീരിൽ 2021 ഫെബ്രുവരിയിലെ വെടിനിർത്തൽ കരാർ തുടരാൻ തീരുമാനിച്ച് ഇന്ത്യ- പാകിസ്ഥാൻ കരസേന. അന്താരാഷ്ട്ര അതിർത്തിയിൽ അടുത്തിടെ ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇരു രാജ്യങ്ങളിലേയും ബ്രിഗേഡ് കമാൻഡർമാർ പൂഞ്ച് ജില്ലയിൽ ഫ്ലാഗ് മീറ്റിങ് സംഘടിപ്പിച്ചു.

*****************************************************************************************

*****************************

RNU TVPM